പഴമ 1

# ആനയും

## നസ്രാണിയും

ജോർജ്ജ് മേനാശ്ശേരി

## നാല് ശതാബ്ദം മുമ്പ് 1599 ൽ കേരളത്തിലുണ്ടായിരുന്ന പള്ളികൾ

ആലപ്പുഴ, ആനക്കല്ലുങ്കൽ, ആരക്കുഴ, അതിരമ്പുഴ, അകപ്പറമ്പ്, ആലങ്ങാട്, അമ്പഴക്കാട്, അങ്കമാലി (മൂന്നുപള്ളികൾ), ബടഗൊറെ, ബടിയത്തെ, വെളിയനാട്, ബെമാനിൽ, കടമറ്റം, കടമ്പ്ര, കടനാട്ട്, കണ്ടനാട്, ചാലക്കുടി, കല്ലുചിറ, കല്ലൂപ്പാറ, കല്ലൂർകാട്ട്, കൾനട, കൽപ്പറമ്പ്, കാഞ്ഞിരപ്പള്ളി, കാഞ്ഞൂർ, കരിങ്ങാച്ചിറ, കാർത്യപ്പള്ളി, ചാത്തന്നൂർ, കായംകുളം, വൈക്കം, ചെങ്ങന്നൂർ, ചേന്ദമംഗലം, ചേർപ്പുങ്കൽ, ചങ്ങനാശ്ശേരി, ചൊവ്വര, കടുത്തുരുത്തി, കൊടലൂർ, കുടമാളൂർ, കോതമംഗലം, കൊല്ലം, കൊല്ലംചിറ, കുണ്ടറ, കുറുവിലങ്ങാട്, കൊരട്ടി, കോഴഞ്ചേരി, കോടമാറ്റിൾ, കോട്ടപ്പടി, കൊട്ടേക്കാട്, ചുങ്കം, കുറുപ്പംപടി, എടപ്പള്ളി, എലങ്കുയിൽ, എല്ലൂർ (2 പള്ളികൾ), ഏനാമ്മാവ്, എറണാകുളം, ഈരാറ്റുപേട്ട, മയിലക്കൊമ്പ്, മലയാറ്റൂർ, മാമലശ്ശേരി, മണർക്കാട്, മഞ്ഞപ്ര, മറ്റം, മാവേലിക്കര, മുതലക്കോടം, മുളന്തുരുത്തി, മൂഴിക്കുളം, മുട്ടം, മുട്ടൂച്ചിറ, നാഗപ്പുഴ, നെടിയാൽ, നിരണം, നാറമേൽ, ഞാറക്കൽ, ഉദിയമ്പേരൂർ, ഓമെല്ലൂർ, പൈങ്കുളം, പാല, പാലിയേക്കര, പറപ്പൂക്കര, പള്ളിപ്പുറം, പാലയൂർ, പള്ളുരുത്തി, പറപ്പൂർ, പിറവം, പറൂർ, പഴു



*കല്ലൂപ്പാറ പള്ളി-(എ.ഡി.1339) ആശാരിയുടെ കരവിരുത്*

വിൽ, പെരുമറ്റം, പുറക്കാട്, പുതുപ്പള്ളി, പുളിങ്കുന്ന്, പുൻഹട, പുന്നത്തറ, പുത്തൻകാവ്, പുത്തൻചിറ, പുത്തമ്പള്ളി, രാമപുരം, തെക്കൻകുളങ്ങര, തെക്കൻപറൂർ, വടക്കൻ പുതുക്കാട്, തവലക്കര, തിരുവിതാംകോട്, തോട്ടപ്പള്ളി, തൂമ്പമൺ, കടുത്തുരുത്തി, വെച്ചൂർ, വരാപ്പുഴ.

*(ടി. യേറ്റ്സ്, ഇന്ത്യൻ ചർച്ച് ഹിസ്റ്ററി, ലണ്ടൻ, 1818 തുടങ്ങിയ രേഖകൾ നോക്കുക.)*

---

*ശിലാന്തി താങ്ങുന്ന ആന ഒല്ലൂർ വലിയ പള്ളി ദാരുശില്പം* ▶

പഴമ 1

# ആനയും
## നസ്രാണിയും



ജോർജ്ജ് മേനാശ്ശേരി




| | |
|---|---|
| നാലു നൂറ്റാണ്ടു മുമ്പുള്ള പള്ളികൾ - പുറം | 2 |
| ഉള്ളടക്കം | - 4 |
| ആന രാജ്യചിഹ്നങ്ങളിൽ | -6 |
| ആന കേരള സംസ്ക്കാരത്തിൽ | -6 |
| പള്ളിയിലെ ആനകൾ | -8 |
| ആനയുടെ രണ്ട് ഉപയോഗങ്ങൾ | -9 |
| വടക്കൻ പുതുക്കാട് പള്ളി | - |
| മലയാറ്റൂർ പള്ളി | - |
| ആന വാതിൽ | - |
| ആന മതിൽ | - |
| **വരും ലക്കങ്ങളിൽ** | **63** |


കരിങ്ങാച്ചിറ പള്ളി (എ.ഡി. 1175) വ്യാജദാരുസ്തംഭങ്ങൾ

**ആനയും നസ്രാണിയും**

Aanayum Nazraneyum *(Malayalam)*
by George Menachery - Heritage, Culture, History


Copyright © 2014 The South Asia Research Assistance Services (SARAS)



Ollur, 680306 India

Price Rs.30  US$ 10

Photos: Krishnan Nair's Ernakulam, Krishnan Nair's Thrissur,
Moossath, Anderson, Gremin, GM
Smriti design, Thrissur.  Ebenezer Printers, Thrissur
www.indianchristianity.com  www.nazraney.com  www.menachery.org
00914872468, 00914874398, 00919400494398, 00919846033713

For more pictures and text : St. Thomas Encyclopaedia II 1973 Rs. 2400 US$ 132
Thomapedia 2000 (Paper) Rs. 1600  US$ 95
The Nazranies 1998 Rs.3600 US$ 165 (Leather Rs. 4800  US$ 225)



# അവതാരിക

ഋഗ്വേദ കാലം മുതൽ ആന അറിയപ്പെട്ടിരുന്നു. ഇഭം എന്ന പര്യായപദമാണ് പ്രസിദ്ധം. ഒരു പക്ഷെ, മനുഷ്യൻ ആദ്യമായി മെരുക്കി വളർത്തിയ വന്യമൃഗം ആനയായിരിക്കും. അധ്വാനഭാരം കുറയ്ക്കുവാനും, ഉത്സവാഘോഷങ്ങൾക്കും, യുദ്ധത്തിനും ആനയെ ഉപയോഗിച്ചിരുന്നു. ഇന്നും ഉപയോഗിക്കുന്നു.

ആനകളുടെ ഉപയോഗം നിത്യസംഭവമായതുകൊണ്ട് നമ്മൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നില്ല എന്നതാണ് വാസ്തവം. മനുഷ്യൻ കാലങ്ങളായി വളർത്തിക്കൊണ്ടുവന്ന ഈ കൂറ്റൻ സസ്തനി നമ്മുടെ കലാസാഹിത്യ രംഗങ്ങളിൽ മുഖ്യ പ്രതീകമായിത്തീർന്നു. മനുഷ്യ-ദേവാലയങ്ങളുടെ നിർമ്മിതിയിൽ ഗജരൂപം സാധാരണയായിത്തീർന്നു. കല്ലിലും, മരത്തിലും,

ലോഹത്തിലും ആനയും, ആനയുടെ അംഗരൂപങ്ങളും പണിതു വന്നു. ആനമതിൽ, ആനവാതിൽ, ആനമുഖം, ആനപൃഷ്ഠം എന്നിങ്ങനെ ഗജരൂപം വിവിധ തരം വാസ്തുവിദ്യയെ സ്വാധീനിച്ചു.

ആ വിധം വാസ്തുവിദ്യയെയും, ശില്പവിദ്യയെയും സ്വാധീനിച്ച ഗജരൂപങ്ങളുടെ ഒരു ചെറിയ വിവരണമടങ്ങുന്ന പുസ്തകം പ്രൊഫസർ മേനാച്ചേരി നിർമ്മിച്ചിരിക്കുന്നു. മുഖ്യമായും പള്ളികളിൽ ഉണ്ടായിരുന്ന ചിത്രങ്ങൾ, ശില്പങ്ങൾ എന്നിവയാണ് പ്രൊഫസർ പകർത്തി സൂക്ഷിച്ചിരിക്കുന്നത്. ഇത് ഒരു തുടക്കം മാത്രമായിരുന്നു. വളരെ വലിയ, വിസൃതമായ ഒരു സംരഭത്തിന്റെ ലളിതമായ ആരംഭം. പതിനായിരക്കണക്കിന് വസ്തുവകകൾ സംരഭിക്പ്പെടുവാനുണ്ട്. വരും നാളുകളിൽ ഈ ചെറിയ പുസ്തകം കണ്ട് ഉത്സാഹശീലരായ ചെറുപ്പക്കാർ അവരുടെ ചരിത്ര ഗവേഷണ പാണ്ഡിത്യം ഈ രംഗത്ത് പ്രയോജനപ്പെടുത്തും എന്ന് പ്രത്യാശിക്കുന്നു.

പുരാവസ്തു ഗവേഷണ രംഗത്തും സംരക്ഷണ സംരഭങ്ങളിലും ഈ മാർഗ്ഗം ഉത്തമ മാർഗ്ഗദർശകമാകുമെന്ന് പ്രതീക്ഷിച്ചുകൊണ്ട്,

**മാടമ്പ് കുഞ്ഞുകുട്ടൻ**



# ആനയും നസ്രാണിയും

## ആന കേരള സംസ്കാരത്തിൽ

ആന മലയാളിയുടെ വിചാരങ്ങളും വികാരങ്ങളുമായി എത്ര ഗാഢമായി ഒട്ടിപ്പിടിച്ചിരിയ്ക്കുന്നുവെന്ന് പൂരങ്ങളുടെയും തടിവ്യാപാരത്തിന്റെയും നാടായ കേരളത്തിലെ ജനങ്ങളോട് പറഞ്ഞറിയിയ്ക്കേണ്ടതില്ല. പെരുവനത്തിന്റെയും ആറാട്ടുപുഴയുടെയും തൃശൂരിന്റെയും ഗുരുവായൂരിന്റെയും മറ്റൊട്ടനവധി ക്ഷേത്രനഗരങ്ങളുടെയും ഖ്യാതിക്ക് ഒരു പ്രധാന കാരണം ആനകളാണല്ലോ.

എന്തിന്, കൊച്ചിരാജ്യത്തിന്റെയും തിരുവിതാകംകൂറിന്റെയും, തിരുക്കൊച്ചിയുടെയും ഇപ്പോൾ കേരളത്തിന്റെയും ഔദ്യോഗിക ചിഹ്നത്തിൽ ആനയുണ്ടല്ലോ. “ആനവണ്ടി”കൾക്ക് ആ പേർ കിട്ടിയത് ആ ആനകളിൽ നിന്നു തന്നെ.



കൊച്ചി, തിരുവിതാംകൂർ, തിരുക്കൊച്ചി,
കേരള സർക്കാർ ചിഹ്നങ്ങളിലെ ആനകൾ









*തടിപിടിക്കുന്ന ആന-
കുറുപ്പംപടി വഴിയോരത്ത്.*

ആനച്ചന്തം, ആനനട, ആനച്ചമയം, ആനപ്രേമം, ആനക്കാര്യം, ആനക്കോപം എന്നിങ്ങനെ എത്രയെത്ര ശൈലികൾ. മലയാളത്തിൽ ആനക്കഥകളും ആനപ്പഴഞ്ചൊല്ലുകളുമുണ്ട് ഒട്ടനവധി.

കേരള സംസ്കാരത്തിന്റെ, കേരളീയതയുടെ, കേരളത്തനിമയുടെ പ്രതീകമായ ആന എന്ന സങ്കല്പത്തിന് നസ്രാണി പാരമ്പര്യത്തിൽ പണ്ടുമുതൽക്കേ ഉള്ള തുടർച്ചയായ പ്രാമുഖ്യം മറ്റെവിടെയും കാണാനാവില്ല.





## പള്ളിയാനകൾ

ഇഗ്ലണ്ടിലും മറ്റും പണ്ട് കുർബ്ബാന "കേൾക്കുക"യാണ് ചെയ്തിരുന്നത്. ഇവിടെ പണ്ടൊക്കെ കുർബ്ബാന "കാണാനാണ്" പോയിരുന്നത്, "ചൊല്ലി"യിരുന്നത് സുറിയാനിയിലായിരുന്നല്ലോ. കാര്യമായി ഒന്നും മനസ്സി ലാകാതിരുന്നത് കാരണം കുർബ്ബാനയുടെ സമയത്ത് ചെറുപ്പത്തിൽ പലപ്പോഴും അൾത്താരപ്പുറം പലകയിലും (Reredos /Altar-piece) പുഷ്പക്കൂട്ടിലും ശീലാന്തിയിലുമുള്ള ദാരുശില്പങ്ങളിലും ദാരു നിർമ്മിത തിരുസ്വരൂപങ്ങളിലും പള്ളിയകം തിങ്ങി നിന്നിരുന്ന ചുമർചിത്രങ്ങളിലും കണ്ണുകൾ ഉടക്കിനിന്നിട്ടുണ്ട്.

അങ്ങനെ 'മേപ്പോട്ട്' നോക്കിയിരിക്കുമ്പോൾ പലപ്പോഴും ശ്രദ്ധയിൽപ്പെട്ടിരുന്നത് ശീലാന്തി താങ്ങുന്ന രണ്ടാനകളാണ്. ഒന്ന് നെറ്റിപ്പട്ടവും മറ്റ് ചമയങ്ങളും അണിഞ്ഞ ഉത്സവ ആന, മറ്റേതു പണിയെടുക്കുന്ന ഒന്നുമിടാത്ത ഒഴുക്കൻ ആന.

ആനയ്ക്ക് രണ്ടുപയോഗമാണ്: ഒന്ന്, ആഘോഷങ്ങൾക്ക് എഴുന്നള്ളിയ്ക്കാൻ; രണ്ട്, തടി പിടിയ്ക്കാൻ; നൂറ്റാണ്ടുകളായി എല്ലാ പഴയപള്ളികളുടെയും ശീലാന്തി താങ്ങുന്നത് രണ്ടാനകളാണ്. ഒരറ്റം താങ്ങുന്നത് നെറ്റിപ്പട്ടാദി ഭൂഷകളണിഞ്ഞ പെരുന്നാൾ ആന. മറ്റെ അറ്റം താങ്ങുന്നത് ഒഴുക്കൻ പണിയാന. പഴയ പാലയൂർ പള്ളിയിലെ ഈ രണ്ടാനകളെയും അവിടുത്തെ ചരിത്രസാംസ്കാരിക മ്യൂസിയത്തിൽ കണ്ടുമുട്ടാം.



*പാലയൂരിലെ ഗജദ്വയം, ദാരുശില്പം, പാലയൂർ പള്ളി മ്യൂസിയം.*

ഒല്ലൂർ പള്ളിയിലെ രണ്ടാനകളും അനിതര സാധാരണമായ വടിവിൽ മരത്തിൽ തീർത്തവയാണ്. അവ ഇന്നും, മറ്റ് ഡസൻ കണക്കിന് ദേവാലയങ്ങളിലെ ഗജദ്വയങ്ങൾ പോലെ, ഉത്തരം താങ്ങിക്കൊണ്ട് നിലയുറപ്പിച്ചിരിയ്ക്കുന്നു. തൃശൂർ, എറണാകുളം, കോതമംഗലം, പാല, ചങ്ങനാശ്ശേരി, കോട്ടയം എന്നി



*ഒല്ലൂർ പള്ളി - എ.ഡി.1718 - പണിയാന, ദാരുശില്പം*

വടങ്ങളിലെ യാക്കോബായ - ഓർത്തഡോക്സ് - സുറിയാനിക്കത്തോലിക്ക ആദിയായ പഴയപള്ളികളിലെല്ലാം തന്നെ ശീലാന്തി താങ്ങുന്ന കരിവീരന്മാരെ നാം കണ്ടുമുട്ടുന്നുണ്ട്. പെരിയാറിന് വടക്കുഭാഗത്താണ് ഇന്ന് തെക്കുള്ളതിൽ കൂടുതൽ ആനകൾ പള്ളികളിൽ കാണപ്പെടുന്നതെന്ന് തോന്നുന്നു.

ആനയുടെ ഉയർത്തിയ തുമ്പിക്കയ്യിന്റെ രൂപത്തിലാണ്. പല പഴയപള്ളികളിലും കഴുക്കോലുകൾ ചീകിയെടുത്തിട്ടുള്ളത്. ആണുങ്ങൾക്കും പെണ്ണുങ്ങൾക്കുമുള്ള സ്ഥാനങ്ങൾ പള്ളിയകത്ത് വേർതിരിയ്ക്കുന്ന റെയ്ലിംഗ് കളിലും ആനയുടെ രൂപങ്ങൾ കാണപ്പെടുന്നു. ചില പുഷ്പക്കൂടുകൾ ആനപുറത്ത് നിന്നാണ് പുറപ്പെടുന്നത്.



*ഒല്ലൂർ പള്ളി -പെരുന്നാൾ ആന, ദാരുശില്പം,*

പോർത്തുഗീസുകാർ ആന ഹിന്ദുവാണെന്നു കരുതിയതു കൊണ്ടാണോ ഇപ്പോൾ പള്ളി പ്രദക്ഷിണങ്ങളിൽ ആനയ്ക്കു വിലക്ക് വീണതെന്നറിയില്ല. ഏതായാലും നൂറ്റാണ്ടുകളായി, സഹസ്രാബ്ദത്തിലേറെയായി നസ്രാണി കേരള സംസ്കാരത്തിന്റെ പ്രധാനഭാഗവും സംസ്കാരസൃഷ്ടിയിലെ പ്രചോദനവുമായിരുന്നു എന്ന് വിളിച്ചറിയിച്ചുകൊണ്ട് ഈ കുഞ്ചരവീരന്മാർ ആനയുടെ ആയുസ്സുപോലെ ദീർഘകാലമായി നമ്മുടെ തലയ്ക്കു മുകളിൽ തലയെടുപ്പോടെ വിരാജിയ്ക്കുന്നു. ഒരുപക്ഷെ ഇന്ന് കേരളത്തിൽ നിലവിലുള്ള സംഘടിത മതങ്ങളിൽ ഏറ്റവും പഴക്കമുള്ള – തീർച്ചയായും വൈദിക

*(തുടർച്ച പുറം : 43)*



*പൊളിച്ചുകൊണ്ടിരിക്കുന്ന അങ്കമാലി കിഴക്കെപള്ളിയിലെ ആനകൾ*



കാഞ്ഞൂർ പള്ളി വരാന്തയിൽ മാറ്റിവെച്ച ആന-
ഇതിന്റെ ഇണ ഇപ്പോൾ പള്ളിയിലെ പുഷ്പക്കൂട് താങ്ങുന്നു.



*കോതമംഗലം പള്ളി*



*പാലിയേക്കര പള്ളി, തിരുവല്ല.*



*വടക്കൻ പുതുക്കാട് പള്ളിയിലെ (എ.ഡി.400) ആനകൾ – പാഴ്മരങ്ങൾക്കിടയിൽ.*



രാജാക്കന്മാരുടെ യുദ്ധ ആനകളെയും
ചിലപള്ളികളിൽ കണ്ടുമുട്ടുന്നുണ്ട്.

## വടക്കൻ പുതുക്കാട് പള്ളി 400

ഏനാമ്മാവ് 510 പള്ളിയേക്കാൾ നൂറുകൊല്ലത്തെ പഴക്കമുണ്ട്, ഒരു "കപ്പേള" യുടെ സ്ഥാനം മാത്രമുണ്ടായിരുന്ന വടക്കൻ പുതുക്കാട് പള്ളിയ്ക്ക്. ഏതാണ്ടൊരു സെന്റ് സ്ഥലത്ത് നിന്നിരുന്ന പഴയപള്ളി പൊളിയ്ക്കാതിരിയ്ക്കാൻ 1970- മുതൽ ഏറെ ശ്രമിച്ചു. കുണ്ടുകുളം തിരുമേനിയും കുറേ പറഞ്ഞ് നോക്കി. പള്ളികളുടെ വാസ്തുശില്പത്തെക്കുറിച്ചുള്ള ലേഖനം എൻസൈക്ലോപീഡിയയ്ക്കെഴുതുന്ന അവസരത്തിൽ ആൻഡ്രൂസ് ആത്തപ്പള്ളി നല്കിയ "നെഗറ്റീവ്"കൾ ഉപയോഗപ്പെടാതെ പോയി. പള്ളിയിലെ പഴയചുമർചിത്രങ്ങൾ കേരള



ആർക്കിയോളജി വകുപ്പ് പകർത്തിയെഴുതുകയുണ്ടായി. ഇപ്പോൾ പഴയതൊന്നും അവശേഷിപ്പിയ്ക്കാതെ പള്ളിപൊളിച്ചു പണിതിരിയ്ക്കുന്നു. അങ്ങനെയിരിയ്ക്കെ അവിടത്തെ പഴയ ആനകളുടെ ചിത്രമെടുക്കാൻ മൂസ്സതിന്റെ കൂടെ ചെന്നപ്പോൾ അങ്ങനെ രണ്ടാനകൾ ആ പള്ളിയിലുണ്ടായിരുന്ന സംഗതി അറിയുന്നവരാരുമില്ല. ഒടുവിൽ പഴയമരങ്ങൾ വില്ക്കാനും കത്തിയ്ക്കാനുമിട്ടേടത്ത് പോയിനോക്കിയപ്പോൾ ആണ് ആനകളെ കണ്ടു കിട്ടിയത്. അവയ്ക്ക് പാലയൂർ മ്യൂസിയത്തിൽ അഭയം നല്കുമെന്ന് മെത്രാപ്പോലീത്ത പാസ്റ്ററൽ കൗൺസിലിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

*കോട്ടപ്പടി പള്ളിയിലെ ആനകൾ:*
*ഇപ്പോൾ രണ്ട് തിരിഗോവണികളിൽ വിശ്രമിക്കുന്നു.*





*തൃശൂർ വ്യാകുലമാതാവിന്റെ പഴയ പള്ളിയിലെ (1814) നെറ്റിപ്പട്ടം കെട്ടിയ പെരുന്നാൾ ആന.*

ഒല്ലൂർ പള്ളിയുടെ അകത്തെ അളവ് പുറത്തെ അളവായി ഒല്ലൂരിലെ എല്ലാ സംവിധാനങ്ങളോടും കൂടി പണിത ഈ മനോഹര ദേവാലയത്തിൽ പഴയ പല കലാവസ്തുക്കളും അഭംഗുരം സൂക്ഷിച്ചിരിക്കുന്നു. പഴയ മൂന്ന് അൾത്താരകളും, അൾത്താര സംവിധാനകളും ഇപ്പോൾ ഇവിടെയില്ല.



*തൃശൂർ വ്യാകുലമാതാവിന്റെ പഴയ പള്ളിയിലെ (1814) പണിയാന.*



*പറപ്പൂർ പള്ളിയിലെ ആനകൾ.*

ഒമ്പതാം നൂറ്റാണ്ടു മുതൽ ഒരു സഹസ്രാബ്ദക്കാലത്തെ ഭാരതപ്പുഴയ്ക്കും പമ്പാ നദിക്കും ഇടയിലുള്ള പേരെടുത്ത ആനകളെയെല്ലാം ഒരു പള്ളിയിലല്ലെങ്കിൽ മറ്റൊരു പള്ളിയിൽ കാണാം.



പള്ളിയുടെ നടശാല ഇക്കൊല്ലം സെപ്തംബർ 14 ന് ഞായറാഴ്ച്ച പൊളിച്ചു മാറ്റിയെങ്കിലും ഹൈക്കലക്കും, മദ്ബഹയ്ക്കും കോട്ടം വരുത്തിയിട്ടില്ല.



മാപ്രാണം പള്ളിയിലെ ആനകൾ





മാപ്രാണം പള്ളിയിൽ "കാണാതായിരുന്ന" പഴയ ആനകളെ ഡോ. വർഗ്ഗീസ് പാലത്തിങ്കൽ മുഖമണ്ഡപത്തിൽ പുനഃസ്ഥാപിച്ചു എന്നാണ് മനസ്സിലാക്കുന്നത്. പള്ളിയിലുണ്ടായിരുന്ന മറ്റ് രണ്ടാനകളെയും കാണാം.







ചിറ്റാട്ടുകര പള്ളിയിലെ ആനകളും തട്ടുംമുറിയുടെ ഭാഗവും.



മലയാറ്റൂർ പള്ളിയിലെ നിലംപതിച്ച പണിയാന



മലയാറ്റൂർ പള്ളിയിലെ നിലംപതിച്ച പെരുന്നാൾ ആന









## മലയാറ്റൂർ പള്ളി

പുരാതനമായ മലയാറ്റൂർ കുരിശുമുടിയുടെയും താഴത്തെ പള്ളിയുടെയും നിരവധി ഫോട്ടോകൾ എൻസൈക്ലോപീഡിയയിലും നസ്രാണീസിലും പ്രസിദ്ധീകരിച്ചിരുന്നു. ഈയിടെ അടിപ്പള്ളിയിലെ ആനകളെ അന്വേഷിച്ചു ചെന്നപ്പോൾ പഴയപള്ളിയകം പൊളിച്ചടക്കിയതാണ് കണ്ടത്. ദീർഘനേരത്തെ അന്വേഷണത്തിനുശേഷം ആനകളെ പാഴ്മരക്കൂട്ടത്തിൽ നിന്ന് കണ്ടുകിട്ടി. അവയെ കാക്കനാട് മ്യൂസിയത്തിൽ കൊണ്ടുവരാനുള്ള ശ്രമം ഇനിയും വിജയിച്ചിട്ടില്ല. അതിനിടെ ആ ആനകളെ കാണാതായി എന്നൊരു വാർത്തയും കേട്ടു! നമ്മുടെ പൈതൃകത്തിലെ പല ഈടുവെയ്പുകളും ഇങ്ങനെയൊക്കെയാണല്ലോ നഷ്ടപ്പെട്ടു പോകുന്നത്. കണ്ടുകണ്ടങ്ങിരിയ്ക്കും ചിലതിനെ കണ്ടില്ലെന്നു വരുത്തുന്നതും ചിലർ.



*എടപ്പള്ളിപള്ളിയിലെ (എ.ഡി.593) ഒരാനയെ "മ്യൂസിയം" ആക്കിയ പൗരാണിക ദേവാലയത്തിൽ കണ്ടെത്താം.*





മൈലക്കൊമ്പിലെ എ.ഡി.600 ഒരാന സ്റ്റോർ മുറിയിൽ സംരക്ഷിക്കപ്പെട്ടിരിക്കുന്നു.

കാർത്തികപ്പള്ളിയിലെ (എ.ഡി.1240) ശൗര്യം കൂടിയ ആന.





ആനവാതിലുകളിൽ പലപ്പോഴും കേരളത്തിലെ സസ്യലതാദികളും ജന്തുമൃഗാദികളും, കൊത്തിവെച്ചിട്ടുണ്ട്, ഫ്ളോറ & ഫോണ. ചിത്രത്തിൽ നാലാനകൾ കൊത്തിയ കോതമംഗലം ചെറിയ പള്ളിയുടെ ആനവാതിൽ.

# ആനവാതിൽ

ആനയ്ക്കു കടക്കാവുന്ന വാതിൽ എന്ന് "ശബ്ദസാഗരം". നടവാതിൽ, വലിയവാതിൽ എന്ന് "ശബ്ദതാരാവലി".

പള്ളികളിലെ പടിഞ്ഞാറു ഭാഗത്തുള്ള വലിയ വാതിലാണ് ആനവാതിൽ. മുമ്പ് ഇതിൽക്കൂടി ആന പ്രവേശിച്ചിരുന്നോ എന്നറിയില്ല.

പള്ളി പ്രദക്ഷിണങ്ങൾക്ക് – അവ നാലുതരമുണ്ട്: ഒന്ന്, അൾത്താരയിൽനിന്ന് പുറപ്പെട്ട് നാടശാലയുടെ അറ്റംവരെപ്പോയി തിരിച്ചുവരുന്ന പ്രദക്ഷിണം; രണ്ട്, കൽക്കുരിശിനെ (നസ്രാണി സ്തംഭത്തെ) ചുറ്റി തിരിച്ചെത്തുന്ന പ്രദക്ഷിണം; മൂന്ന്, പള്ളിയെ വലം വെയ്ക്കുന്ന പ്രദക്ഷിണം; നാല് (ഇതാണ് ഏറ്റവും പ്രധാനം) ഇടവകയിലെ പ്രധാന തെരുവീഥികൾ ചുറ്റി തിരിച്ചെത്തുന്ന അങ്ങാടി പ്രദക്ഷിണം – അങ്ങനെയുള്ള പള്ളി പ്രദക്ഷിണങ്ങളുടെ അവസരത്തിൽ രജത, കനക ക്കുരിശുകളും, മുത്തുക്കുടകളും, പല്ലക്കിൽ എഴുന്നള്ളിയ്ക്കുന്ന തിരുസ്വരൂപങ്ങളും കടന്നുപോകാൻ പാകത്തിൽ വലിയ വലുപ്പമുള്ള നടവാതിലുകളാണ് ആനവാതിലുകൾ. ഇവ പ്രായേണ മരത്തിൽ തീർത്തവയാണ്. ചുരുക്കം ചിലത് ഇപ്പോൾ ലോഹ "ബെൽറ്റു"കൾ അണിഞ്ഞും കാണപ്പെടുന്നു.

സസ്യലതാദികൾ, ജന്തുമൃഗാദികൾ, മാലാഖമാർ, വേദപുസ്തകരംഗങ്ങൾ ഇവയുടെ ദാരുശില്പങ്ങൾ ആന വാതിലുകളുടെ മോടി വർദ്ധിപ്പിയ്ക്കുന്നു.

നല്ല ഉറപ്പിൽ പണി തീർത്ത ഈ വാതിലുകൾ അകത്തുനിന്ന്, തടിച്ച ചുമരിലെ ദ്വാരത്തിലുറപ്പിച്ച, വലിയതണ്ടുകൾ (തഴുതുകൾ) ഉപയോഗിച്ചാണ് അടച്ചുഭദ്രമാക്കുന്നത്.

ആന വാതിലിന്റെ ബലം സൂചിപ്പിയ്ക്കുന്ന ഒരൈതിഹ്യമുണ്ട്. പണ്ട് ചൊവ്വരകൊട്ടാരത്തിൽ നിന്ന് ശക്തൻതമ്പുരാൻ കാഞ്ഞൂർ പള്ളിയ്ക്ക് മുമ്പിൽ കൂടി ഒരു സവാരി പോയി. പള്ളിപ്പടിപ്പുരയുടെ മുകളിൽ നിന്നിരുന്ന മാപ്പിളമാർ രാജാവിനെ നോക്കി ചിരിച്ചുപോലും. കോപാകുലനായ രാജാവ് പള്ളിക്കാരെ ഒരുപാഠം പഠിപ്പിയ്ക്കാൻ തന്റെ ഏറ്റവും കരുത്തുള്ള ആനയെ അയച്ചുവത്രെ. ആനമതിൽ കുത്തിപ്പിളർക്കാൻ കഴിയില്ലെന്നു കണ്ട് ആനയെക്കൊണ്ട് ആനവാതിൽ കുത്തിത്തുറക്കാൻ പാപ്പാൻ പ്രേരിപ്പിച്ചു. വാതിലിന് ഒന്നും പറ്റിയില്ലെന്നു മാത്രമല്ല, ആനയുടെ ഒരു കൊമ്പ് ഊരിപ്പോകുകയും ചെയ്തു. സെബസ്ത്യാനോസ് പുണ്യവാന്റെ കോപത്തിൽ നിന്നു രക്ഷപ്പെടാൻ തമ്പുരാൻ പള്ളിയ്ക്കു കാഴ്ചവെച്ചതാണത്രെ അവിടുത്തെ ആനവിളക്ക്.

കാഞ്ഞൂർ പള്ളിയുടെ പഴയ പടിപ്പുരയും പുറം ഭിത്തിയിലെ പ്രസിദ്ധങ്ങളായ രണ്ടു ചുമർചിത്രങ്ങളും 1924 ലെ ഈ ഹോസ്റ്റൻ ഫോട്ടോയിൽ കാണാം. പിന്നീട് പടിപ്പുര പൊളിച്ചു മാറ്റിയെങ്കിലും ചുമർചിത്രങ്ങൾ രണ്ടു നൂറ്റാണ്ടിലേറെക്കാലം പൊളിയ്ക്കാതെ നിർത്തിയ പുറം ഭിത്തിയിലുണ്ടായിരുന്നു. (ആ ചിത്രങ്ങൾ ഇപ്പോൾ തോമാപീഡിയയിൽ കാണാം.) അടുത്ത കാലത്ത് അതും പൊളിച്ചു കളഞ്ഞു. എങ്കിലും ചുമർ ചിത്രങ്ങളുടെ ഒരേകദേശരൂപം സിമന്റിൽ നിർമ്മിച്ചു വെയ്ക്കാനുള്ള പൈതൃക സ്നേഹമെങ്കിലും ഈ പള്ളിക്കാർ കാണിയ്ക്കുകയുണ്ടായി.



പഴുവിൽ പള്ളി (എ.ഡി.960) - ദാരുനിർമ്മിത ആനവാതിൽ.



ആനവാതിൽ–മഞ്ഞപ്ര (എ.ഡി.943)





തൂമ്പമൺ പള്ളിയിലെ വേദപുസ്തക രംഗങ്ങൾ
കൊത്തിയ ആനവാതിൽ



തൃശൂർ വലിയ പള്ളിയിലെ ആനവാതിൽ അടച്ചു ഭദ്രമാക്കാനുള്ള ചുമരിലെ തണ്ട് (തഴുത്)

ഹിന്ദുമതത്തേക്കാൾ ഈ മണ്ണിൽ പഴക്കമുള്ള നസ്രാണി സമൂഹത്തിനുമാത്രം അവകാശപ്പെടാവുന്ന ആദ്യകാലം തൊട്ടുള്ള ഒരു സാംസ്കാരിക ചിഹ്നമാണ് ഈ രണ്ടു കരിവീരന്മാർ.

മരത്തിൽ മാത്രമല്ല, കല്ലിലും ലോഹത്തിലുമുള്ള നിരവധി ആനകൾ പുരാതനദേവാലയങ്ങളിലുണ്ട്. ചെങ്ങന്നൂർ കൽക്കുരിശ്, കുറവിലങ്ങാട് കൽക്കുരിശ്, ചങ്ങനാശ്ശേരി കുരിശ്, കടുത്തുരുത്തി കുരിശ് ഇവ ഉദാഹരണം. ചെങ്ങന്നൂർ പള്ളിയുടെ അടിസ്ഥാനശിലകളിലും ആനയുണ്ട്. ഇപ്പോൾ പറഞ്ഞതെല്ലാം റിലീഫിലുള്ള ആനകളാണ്. കടുത്തുരുത്തി നസ്രാണി സ്തംഭത്തിന്റെ പീഠത്തിൽ നാലു മൂലകൾ ഇന്നും സംരക്ഷിയ്ക്കുന്നത് റൗണ്ടിലുള്ള ശിലാദിഗ്ഗജങ്ങളത്രെ. കാഞ്ഞൂരിലെ വെങ്കലത്തിലുള്ള ആനവിളക്ക് പ്രസിദ്ധമാണല്ലോ. 1970 ൽ കണ്ട സർവ്വഐശ്വര്യത്തോടെ ഉത്തരം താങ്ങി നിന്നിരുന്ന പല ആനകളും ഇന്ന് അപ്രത്യക്ഷമായിക്കഴിഞ്ഞു. മരത്തിലുള്ള



1974-ലെ ഹോസ്റ്റൻ ഫോട്ടോ.



ആനവാതിലിലെ പത്രോസ്, തോമ്മ,
പൗലോസ് ശ്ലീഹാന്മാരും, രാജപുരുഷനും



പറപ്പൂർ പള്ളി ആനവാതിൽ. ഇത് 1980-ൽ രൂപതാ കൾച്ചറൽ മ്യൂസിയത്തിന് വേണ്ടി ലേഖകൻ കൊണ്ടുപോയി. ഇപ്പോൾ പാലയൂർ മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിരിക്കുന്നു.



തിരുവല്ല പാലിയേക്കര പള്ളിയുടെ ആനവാതിൽ

ചെങ്ങന്നൂർ ആനവാതിൽ. 1924-ലെ ഹോസ്റ്റൻ ഫോട്ടോ




മുളന്തുരുത്തി



അങ്കമാലി കിഴക്കേപള്ളി.
അനുദിന ആവശ്യത്തിനുള്ള ഉൾവാതിലും കാണാം.





കാഞ്ഞൂർ -
പുതിയ
ആനവാതിലും
പഴയ കരിങ്കൽ
ഗോപുരവും











തൂമ്പമൺ

## ആനമതിൽ

"ആനകുത്തിയാൽ ആനതോല്ക്കുന്ന മതിൽ" എന്ന് എം.ജി.എസ്.നാരായണൻ. വലിയ വലുപ്പത്തിലും ആനയുടെ രൂപത്തിലും, മഴവെള്ളം വശങ്ങളിലേക്ക് ഒലിച്ചു പോകുന്ന രീതിയിൽ, പട്ടാളക്കാരുടെ ആക്രമണം പോലും തടുക്കാൻപോന്ന, പള്ളിയുടെ അതിർത്തിയിൽ (മര്യാദ) നാലുവശത്തും തിർത്തിട്ടുള്ള ഭിത്തിയാണ് ആനമതിൽ. മിക്കവാറും വെട്ടുകല്ലിലാണ് ഈ പഴയ മതിലുകൾ പണിതിട്ടുള്ളത്. "സാൻക്ച്വറി" എന്ന സങ്കല്പമാണിവിടെ. പള്ളി മതിലിന്റെ അകത്ത് പ്രവേശിയ്ക്കുന്ന അഭയാർത്ഥിയുടെ മേൽ രാജാവിനോ രാജകിങ്കരന്മാർക്കോ അധികാരമോ അവകാശമോ ഉണ്ടായിരുന്നില്ല. പല ആനമതിലുകളിലും കൽവിളക്കുകൾ തെളിയിച്ചിരുന്നു. പള്ളി ഒരു കോട്ടപോലെയാണ് സംരക്ഷിയ്ക്കപ്പെട്ടിരുന്നത് - ആർക്കും അതൊരഭയ സ്ഥാനമായിരുന്നു.













ആ ആനകളിൽ ചിലതിനെ പാഴ്മരങ്ങൾ കൂട്ടിയിട്ടേടത്താണ് ഏറെ നേരത്തെ തിരച്ചിലിനുശേഷം 2014 ൽ കണ്ടുമുട്ടാനിടയായത്– ഉദാ: വടക്കൻ പുതുക്കാട്, മലയാറ്റൂർ.

ആനവാതിലും ആനമതിലുമില്ലാത്ത പഴയപള്ളികൾ ഇല്ലെന്നു തന്നെ പറയാം.

കേരളത്തിലെസസ്യലതാദികളും ജന്തുമൃഗാദികളും (ഫ്ളോറ & ഫോണ) കമനീയമായി ചിത്രീകരിച്ചിരിക്കുന്ന മരത്തിലുള്ള ആനവാതിലുകളും കൽക്കുരിശുകളും നസ്രാണിയുടെ പ്രകൃതിസ്നേഹത്തിന്റേയും പരസ്ഥിതിബോധത്തിന്റേയും പ്രതിഫലനമായി നൂറ്റാണ്ടുകളായി പള്ളികളിലും പള്ളിമുറ്റങ്ങളിലും വിരാജിക്കുന്നു.

ആനമേൽ നീർമണ്ണ്, ആനപ്പുറത്ത് സവാരി, ആലവട്ടം, വെഞ്ചാമര, ഇത്യാദി നസ്രാണികളുടെ പൗരാണിക രാജകീയ

അവകാശങ്ങളിൽ( 72 വിടുപേറ്, തരിസാപ്പള്ളി ചെപ്പേടുകൾ- എ.ഡി.849) ഉൾപ്പെടുന്നുണ്ടല്ലോ.

പള്ളിയാനകളുടെ ചിത്രീകരണത്തിലെ വൈവിധ്യം എടുത്തുപറയേണ്ടതാണ്. ഓരോ ആനയുടെയും നില്പും ഭാവവും വ്യത്യസ്തമത്രെ. തുമ്പിക്കൈ പിടിക്കുന്നതിലും, കാലുകളുടെ വിന്യാസത്തിലും, കൊമ്പുയർത്തിപ്പിടിക്കുന്നതിലും, മസ്തകത്തിന്റെ ഉയർച്ചയിലും ഈ വൈവിധ്യം കാണപ്പെടുന്നു. ദൃഷ്ടിപാതയിലും, ദൃഷ്ടി വിക്ഷേപത്തിലും, കണ്മുനയുടെ ദിശയിലും രണ്ടു ശില്പങ്ങൾ ഒരുപോലെയില്ല.

അറുന്നൂറും എഴുന്നൂറും അതിലധികവും വർഷത്തെ കേരളീയ ദാരുശില്പ രംഗത്തെ വളർച്ചയും വികാസവും ഈ കരിവീരന്മാർ പ്രതിനിധാനം ചെയ്യുന്നു. കൊള്ളാവുന്ന ദാരുഗജങ്ങളെ കാണാൻ പള്ളികളിലേയ്ക്ക് പോകാം...



പൈതൃകജ്ഞാനത്തിന് വിശ്വാസപഠനപരിശീലനയത്നങ്ങളിൽ കൂടുതൽ പ്രാധാന്യം നല്കേണ്ടതല്ലേ?

***(2012)***

*പഴയ കോട്ടപ്പടി പള്ളിയുടെ ഭിത്തിവർണ്ണം, 1980*



കാഞ്ഞൂർ പള്ളി -
ആനപ്പുറത്തെ
പുഷ്പക്കൂട്

കാഞ്ഞൂർ പള്ളി - ആനവിളക്ക്, ഓട്
ശക്തൻതമ്പുരാൻ  സമർപ്പിച്ചതെന്ന് വിശ്വാസം






*കുടമാളൂർ പള്ളിയിലെ ആനകൾ*

എന്റെ ഗുണകാംക്ഷികളാൽ പഴമ ഒന്നാം പുസ്തകം അയയ്ക്കുന്നു. ഈ ഉദ്യമം തുടരണമെന്ന് അങ്ങ് കരുതുന്നുവോ ? **പഴമ** തുടരാൻ അങ്ങയുടെ വലിയ ഓർഡറുകളും കാര്യമായ സംഭാവനകളും കൂടിയേ കഴിയൂ അതും അധികം വൈകാതെ

വിനീത വിധേയൻ
**പ്രൊഫ. ജോർജ്ജ് മേനാശേരി**

**പഴമ** ഒറ്റപ്രതി ലഭിയ്ക്കാൻ 30ക മണിയോർഡറായി **പഴമ**, ഒല്ലൂർ 680306, കേരള എന്ന വിലാസത്തിൽ അയയ്ക്കുക പോസ്റ്റേജ് സൗജന്യം. ലഭിയേ്ക്കണ്ട ആളുടെ പൂർണ്ണ മേൽവിലാസം കൗണ്ടർ ഫോയിലിൽ ചേർക്കാൻ മറക്കരുത്.

ഏജന്റുമാർ, വേദപാഠം ക്ലാസ്സുകൾ / സൺഡേ സ്കൂളുകൾ, സെമിനാരികൾ കോൺഗ്രിഗേഷനുകൾ, പാസ്റ്ററൽ കൗൺസിലുകൾ, ഭക്ത സംഘടനകൾ തുടങ്ങിയവയ്ക്ക് പ്രത്യേക നിരക്ക് റജി പോസ്റ്റേജ് സൗജന്യം 20 കോപ്പിക്ക് 500ക 50 കോപ്പിക്ക് 1100, 800 കോപ്പിക്ക് 2000ക. 200 കോപ്പിക്ക് 3800ക, 500 കോപ്പിക്ക് 8500ക, 1000 കോപ്പിക്ക് 500ക തുക ക്രോസ്ഡ് ചെക്ക് / ക്രോസ്ഡ് ഡി. ഡിയായി **പഴമ** ഒല്ലൂർ 680306 എന്ന പേരിലും വിലാസത്തിലുമയയ്ക്കുക

## വരും ലക്കങ്ങളിൽ

- രജപുത്ര/രാജസ്ഥാനി, മുഗൾ പരമ്പരയേക്കാൾ പഴക്കവും വലുപ്പവും മികവുമുള്ള "നസ്രാണി സ്ക്കൂളി"ന്റെ ചുമർ ചിത്രങ്ങൾ.
- ഈശോ ചരിതം കേരളീയ ലളിതകലാപാരമ്പര്യത്തിൽ.
- സുവിശേഷകാരന്മാരും അവരുടെ ചിഹ്നങ്ങളും– മരത്തിലും ചായത്തിലും.
- വെസൂവിയസ് അഗ്നിപർവ്വതം പൊട്ടിതെറിച്ചത് നേരിട്ട് പരിശോധിച്ച് എ.ഡി.79 ൽ ശാസ്ത്രത്തിന്റെ രക്തസാക്ഷിയായ മൂത്ത പ്ലിനി റോമിൽ കേരളത്തിന്റെ കുരുമുളകിനുള്ള "ഡിമാന്റി"നെക്കുറിച്ചും ഒന്നാം നൂറ്റാണ്ടിലെ കേരളയാത്രയെക്കുറിച്ചും.
- റോമൻ സുന്ദരിമാരും മുസ്സിരീസ് പവിഴങ്ങളും.
- ഇംഗ്ലണ്ടിൽ ഏറ്റവും പ്രചാരമുള്ള പേര് "തോമ" – അതിന്റെ കാരണം.
- മാർക്കൊ പോളൊയും മൈലാപൂരിലെ തോമകഥകളും (1293).
- കേരളത്തിലെ നസ്രാണിപ്പേരുകൾ.
- നസ്രാണിയുടെ ആഭരണങ്ങൾ, വേഷം, ആയുധങ്ങൾ.
- തോമ, ലോക കലാകാരന്മാരുടെ "ഫേവറിറ്റ്"– നൂറ്റാണ്ടുകളിലൂടെ.
- കൽക്കുരിശ് പുരാണം.
- മാമോദിസ കല്ലുകൾ, കൽവിളക്കുകൾ, ലോഹാവൃത ധ്വജ സ്തംഭങ്ങൾ– നസ്രാണി പാരമ്പര്യത്തിൽ.

